ടി.കെ ഉബൈദ്



സൂറ - 48

# അൽ ഫത്ഹ്

الْفَتْح

### സൂക്തം 01-03

കരാർപത്രത്തിന്റെ തുടക്കത്തിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം (പരമ ദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ) എന്നു ചേർക്കാൻ ഖുറൈശികൾ സമ്മതിച്ചില്ല. പരമ ദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിനെ അവർക്കു പരിചയമില്ല. നിഷ്ഠുരനും ദണ്ഡകനും ശിക്ഷകനുമായ ദൈവത്തെയാണവർക്കു പരിചയം. കരാറിൽ മക്കാവാസികളും ദൈവദൂതൻ മുഹമ്മദും (മുഹമ്മദുർറസൂലില്ലാഹ്) തമ്മിൽ എന്നെഴുതാനും സമ്മതിച്ചില്ല. മുഹമ്മദ് ദൈവദൂതനാണെന്ന് ഞങ്ങൾ സമ്മതിച്ചാൽ പിന്നെ നമ്മൾ തമ്മിലെന്തു തർക്കം എന്നായിരുന്നു ന്യായം. ഖുറൈശികളുടെ ഈ പിടിവാശികൾ നബി (സ) സമ്മതിച്ചുകൊടുത്തു. എന്തു വിട്ടുവീഴ്ച ചെയ്തും സമാധാന സന്ധി യാഥാർഥ്യമാക്കുന്നതിനാണ് തിരുമേനി മുൻഗണന നൽകിയത്.

## ആമുഖം

إِنَّا فَتَحْنَا لَكَ فَتْحًا مُّبِينًا എന്ന പ്രഥമ സൂക്തത്തിൽനിന്ന് സ്വീകരിക്കപ്പെട്ടതാണീ നാമം. കേവലം തിരിച്ചറിയാനുള്ള അടയാളമെന്നതിലുപരി ഈ പേര് സൂറയുടെ ഉള്ളടക്കത്തെ സൂചിപ്പിക്കുന്നതുമാണ്. സൂറക്ക് മറ്റു നാമങ്ങളുള്ളതായി പ്രസ്താവമില്ല. ഹിജ്റ 6-ാം ആണ്ടാണ് അവതരണ കാലം. ഹിജ്റക്ക് ശേഷം അവതരിച്ച സൂറകളെല്ലാം മദനി സൂറകളായി കണക്കാക്കുക എന്ന അടിസ്ഥാനത്തിൽ 'അൽഫത്ഹ്' മദനി സൂറയാണ്. യഥാർഥത്തിൽ ഇതവതരിച്ചത് മദീനയിലല്ല. മക്കക്കടുത്തുള്ള കുറാഉൽ ഗമീം എന്ന സ്ഥലത്താണ്. മക്കയുടെ പ്രാന്തപ്രദേശമായ ഉസ്ഫാനിൽനിന്ന് മൂന്നു മൈൽ മാത്രം അകലയാണീ സ്ഥലം. മക്കക്കടുത്തു സ്ഥിതി ചെയ്യുന്ന ദജ്നാൻ കുന്നിലാണ് അവതരണം എന്നും പ്രസ്താവമുണ്ട്. നബിയും സഖാക്കളും ഹുദൈബിയാ സന്ധിയിൽ ഒപ്പുവെച്ച് മദീനയിലേക്കുള്ള മടക്കയാത്രയിലായിരുന്ന രാത്രിയാണ് അവതരിച്ചത്. മുസ്ഹഫിൽ 48-ാമതായി ചേർത്തിട്ടുള്ള 'അൽഫത്ഹ്' അവതരണ ക്രമപ്രകാരം 113-ാമത്തേതാണ്.

ഹുദൈബിയാ സന്ധിയുടെ പേര് പരാമർശിക്കുന്നില്ലെങ്കിലും അതൊരു മഹാ വിജയമാണെന്ന് പ്രസ്താവിച്ചുകൊണ്ടാണ് സൂറ ആരംഭിക്കുന്നത്. ആദ്യ ഘട്ടത്തിൽ വൻ പരാജയവും നാണക്കേടുമായിട്ടാണ് പ്രവാചക ശിഷ്യന്മാർ ഈ സന്ധിയെ വീക്ഷിച്ചിരുന്നത്. യഥാർഥത്തിൽ അതങ്ങനെയല്ലെന്നും അതുവഴി മുസ് ലിംകൾക്ക് ഭാവിയിൽ വലിയ സമരവിജയങ്ങളും വിഭവ ലാഭവും ഉണ്ടാകാനിരിക്കുന്നുവെന്നും പറഞ്ഞുകൊണ്ട് സമാധാനിപ്പിക്കുകയാണ് സൂറ. ഒപ്പം ആപത്തുകളും നഷ്ടങ്ങളും കാത്തിരിക്കുന്നത് വിഗ്രഹാരാധകരെയും കപട വിശ്വാസികളെയുമാണെന്ന് ഉണർത്തുകയും

ചെയ്യുന്നു. അല്ലാഹുവിങ്കൽ പ്രവാചകന്നുള്ള സ്ഥാനം ഉയർത്തിക്കാണിക്കുന്നു. അദ്ദേഹത്തെ പിന്തുണക്കുകയും അനുസരിക്കുകയും ചെയ്യുന്ന സത്യവിശ്വാസികളെ പ്രശംസിക്കുന്നു. അനന്തരം ഹുദൈബിയയിൽ വെച്ച് പ്രവാചകന് ബൈഅത്തു ചെയ്ത ശിഷ്യന്മാരെ സവിശേഷം അനുസ്മരിക്കുന്നു. ആ യാത്രയിൽ പ്രവാചകനെ അനുഗമിക്കാതെ പിന്മാറിയ ഭീരുക്കളും അത്യാഗ്രഹികളുമായ അഅ്റാബികളെ രൂക്ഷമായി വിമർശിക്കുന്നു. ഉടനെ നടക്കാനിരിക്കുന്ന സമരങ്ങളിൽ അവരുടെ പങ്കാളിത്തം വിലക്കുന്നു. പിന്നീട് കൂടുതൽ വലിയ യുദ്ധത്തിലേക്ക് അവരെ വിളിക്കുമെന്നും അപ്പോൾ ആത്മാർഥമായി അതിൽ പങ്കെടുക്കുന്നവർക്ക് ഹുദൈബിയയിൽനിന്നുണ്ടായ പിന്മാറ്റം പൊറുത്തുകൊടുക്കുമെന്നും അറിയിക്കുന്നു. ഉടനെതന്നെ ഖൈബർ യുദ്ധമുണ്ടാകുമെന്നും അതിൽ വിജയിക്കുമെന്നും മക്കാ വിമോചനം വരെ ആ വിജയപരമ്പര തുടരുമെന്നും അല്ലാഹു പ്രവാചകനോട് വാഗ്ദത്തം ചെയ്യുന്നു.

ഈ സൂറയും മുൻ സൂറയും തമ്മിൽ മൂന്നു തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നതായി ഖുർആൻ വ്യാഖ്യാതാക്കൾ നിരീക്ഷിക്കുന്നു. 1) കഴിഞ്ഞ സൂറ നാലാം സൂക്തത്തിൽ വിശ്വാസികൾ സായുധ സമരത്തിൽ ഏർപ്പെട്ടാൽ എങ്ങനെ പ്രവർത്തിക്കണമെന്ന് ഉപദേശിച്ചിരിക്കുന്നു. ആ വിധം പ്രവർത്തിക്കുന്നതിന്റെ ഫലമാണ് ഈ സൂറയുടെ ഒന്നാം സൂക്തം പറയുന്ന വിജയം. 2) രണ്ടു സൂറകളും സത്യവിശ്വാസികളുടെയും ബഹുദൈവവിശ്വാസികളുടെയും കപടവിശ്വാസികളുടെയും ഗുണങ്ങൾ വർണിക്കുന്നു. 3) *സൂറ മുഹമ്മദ്* പ്രവാചകനോട് സ്വന്തം വീഴ്ചകൾക്കും, വിശ്വാസികളുടെയും വിശ്വാസിനികളുടെയും തെറ്റുകുറ്റങ്ങൾക്കും അല്ലാഹുവിനോട് മാപ്പ് തേടാൻ കൽപിച്ചു. മാപ്പ് ലഭിക്കുന്നതിനെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് ഈ സൂറ ആരംഭിക്കുന്നത്. ●

**ഹിജ്റക്ക് ശേഷം അവതരിച്ച സൂറകളെല്ലാം മദനി സൂറകളായി കണക്കാക്കുക എന്ന അടിസ്ഥാനത്തിൽ 'അൽ ഫത്ഹ്' മദനി സൂറയാണ്.**

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

إِنَّا فَتَحْنَا لَكَ فَتْحًا مُّبِينًا ﴿١﴾ لِّيَغْفِرَ لَكَ ٱللَّهُ مَا تَقَدَّمَ مِن ذَنۢبِكَ وَمَا تَأَخَّرَ وَيُتِمَّ نِعْمَتَهُۥ عَلَيْكَ
وَيَهْدِيَكَ صِرَٰطًا مُّسْتَقِيمًا ﴿٢﴾ وَيَنصُرَكَ ٱللَّهُ نَصْرًا عَزِيزًا ﴿٣﴾

*1*
*പ്രവാചകാ, നിനക്കു നാം തെളിഞ്ഞ വിജയം പ്രദാനം ചെയ്തിരിക്കുകയാകുന്നു.*
*2*
*അല്ലാഹു നിന്റെ മുമ്പത്തേതും പിന്നത്തേതുമായ വീഴ്ചകൾ മായ്ച്ചു കളയുന്നതിനും, അവന്റെ അനുഗ്രഹങ്ങൾ നിനക്ക് പൂർത്തീകരിച്ചു തരുന്നതിനും, നിന്നെ നേരായ പാതയിൽ നയിക്കുന്നതിനും*
*3*
*നിനക്ക് അന്തസ്സാർന്ന ജയമരുളുന്നതിനും അതു നിമിത്തമാകുന്നു.*

| | |
|---|---|
| (പ്രവാചകാ) നിനക്കു നാം വിജയം പ്രദാനം ചെയ്തിരിക്കുകയാകുന്നു | إِنَّا فَتَحْنَا لَكَ |
| തെളിഞ്ഞ വിജയം | فَتْحًا مُّبِينًا |
| അല്ലാഹു നിനക്ക് പൊറുത്തു തരുന്നതിന് (മായ്ച്ചു കളയുന്നതിനും) | لِّيَغْفِرَ لَكَ اللَّهُ |
| നിന്റെ കുറ്റത്തിൽനിന്ന് മുന്തിച്ചതിനെ (നിന്റെ മുമ്പത്തേതായ വീഴ്ചകൾ) | مَا تَقَدَّمَ مِن ذَنبِكَ |
| പിന്തിച്ചതിനെയും (പിന്നത്തേതുമായ വീഴ്ചകൾ) | وَمَا تَأَخَّرَ |
| അവന്റെ അനുഗ്രഹം നിന്റെ മേൽ പൂർത്തീകരിക്കുന്നതിനും (നിനക്കു പൂർത്തീകരിച്ചു തരുന്നതിനും) | وَيُتِمَّ نِعْمَتَهُ عَلَيْكَ |
| അവൻ നിന്നെ നയിക്കുന്നതിനും | وَيَهْدِيَكَ |
| നേരായ പാതയിലൂടെ | صِرَاطًا مُّسْتَقِيمًا |
| അല്ലാഹു നിന്നെ സഹായിക്കാനും, ജയിപ്പിക്കുന്നതിനും (ജയമരുളുന്നതിനും അതു നിമിത്തമാകുന്നു) | وَيَنصُرَكَ اللَّهُ |
| അജയ്യമായ സഹായം, ജയം (അന്തസ്സാർന്ന ജയം) | نَصْرًا عَزِيزًا |

ഈ സൂക്തങ്ങൾ സംസാരിക്കുന്നത് ഹുദൈബിയാ സന്ധിയെക്കുറിച്ചാണെന്നതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കും ചരിത്രകാരന്മാർക്കും തർക്കമില്ല. സൂറ നന്നായി ഗ്രഹിക്കുന്നതിന് ഹുദൈബിയാ സമാധാന സന്ധി സംബന്ധിച്ച സാമാന്യ ധാരണയുണ്ടായിരിക്കേണ്ടതാണ്.

ഹിജ്റ 6-ാം വർഷം ഒരു രാത്രി പ്രവാചകന് ഒരു സ്വപ്ന ദർശനമുണ്ടായി. താൻ മക്കയിൽ ചെന്ന് കഅ്ബ പ്രദക്ഷിണം ചെയ്യുന്നതായിട്ടായിരുന്നു സ്വപ്നം. പ്രവാചകന്മാരുടെ സ്വപ്നം ദിവ്യബോധനത്തിന്റെ പല രീതികളിലൊന്നാണ്. ഈ സ്വപ്നം അല്ലാഹു അദ്ദേഹത്തെ കാണിച്ചതാണെന്ന് 27-ാം സൂക്തം സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. അതുകൊണ്ട് ദൈവകൽപന നടപ്പാക്കാൻ തീരുമാനിച്ച് പ്രവാചകൻ അക്കാര്യം ശിഷ്യന്മാരിൽ വിളംബരം ചെയ്തു. യഥാർഥ വിശ്വാസികൾ ആ തീരുമാനം സഹർഷം സ്വീകരിക്കുകയും ചെയ്തു. പക്ഷേ, മദീനയിലെ കപടവിശ്വാസികൾക്കും ചുറ്റുമുള്ള ഗ്രാമങ്ങളിലെ ദുർബല വിശ്വാസികൾക്കും ഈ തീരുമാനം സ്വാഗതം ചെയ്യാനായില്ല. ഇസ് ലാമിനെയും മുസ് ലിംകളെയും നശിപ്പിക്കാൻ ഒന്നിലേറെ യുദ്ധങ്ങൾ നടത്തിയവരാണ് മക്കാ ഖുറൈശികൾ. തൊട്ടടുത്ത വർഷം അഹ്സാബ് യുദ്ധം നടത്തി ഒന്നും നേടാനാവാതെ തിരിച്ചുപോകേണ്ടി വന്ന ഇളിഭ്യതയിലും ഈർഷ്യയിലുമാണവരിപ്പോൾ. മദീനയെ അപേക്ഷിച്ച് ആളും അർഥവും ഏറെയുള്ളവരാണ് മക്കക്കാർ. ഒരു കാരണവശാലും മുസ് ലിംകളെ കഅ്ബ സന്ദർശിക്കാൻ സമ്മതിക്കുകയില്ലെന്ന് പ്രതിജ്ഞയെടുത്തിരിക്കുന്ന അവരുടെ അടുത്തേക്ക് ചെല്ലുന്നത് സർപ്പത്തിന്റെ അളയിൽ കൈ കടത്തുന്നതുപോലെ വിഡ്ഢിത്തവും അത്യാപൽക്കരവുമാണ്. ഉംറയുടെ പേരും പറഞ്ഞ് മക്കയിലേക്ക് പോകുന്നവരാരും ഇനി സ്വന്തം വീട്ടിൽ തിരിച്ചെത്താൻ പോകുന്നില്ല. ഇതായിരുന്നു അവരുടെ നിലപാട്. എങ്കിലും ഹിജ്റ 6-ാം ആണ്ട് ദുൽഖഅ്ദ് മാസം ആരംഭത്തിൽ പ്രവാചകനും 1500 ശിഷ്യന്മാരും മക്കയിലേക്കു പുറപ്പെട്ടു. അവരിൽ ബഹുഭൂരിപക്ഷവും മുഹാജിറുകളും അൻസ്വാറുകളുമായിരുന്നു. ഏതാനും അഅ്റാബികളും (ഗ്രാമീണ അറബികൾ) ഉണ്ടായിരുന്നു. യുദ്ധം അവർ ആഗ്രഹിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്തിരുന്നില്ല. യുദ്ധോപകരണങ്ങളൊന്നും കൂടെ കരുതിയിരുന്നുമില്ല; അറബികൾ യാത്രകളിൽ സാധാരണയായി കരുതാറുള്ള ഉടവാളല്ലാതെ. അതും അവരുടെ അരയിലോ കരത്തിലോ ആയിരുന്നില്ല. ഭാണ്ഡത്തിനുള്ളിൽ കെട്ടിവെച്ചിരിക്കുകയായിരുന്നു. ഹറം സന്ദർശിക്കുന്നവർക്കും ഈ വാൾ കരുതാൻ അനുവാദമുണ്ട്. ഉംറയിൽ ബലിയർപ്പിക്കാനായി 70 ഒട്ടകങ്ങളും സംഘത്തോടൊപ്പമുണ്ടായിരുന്നു.

**ഹുദൈബിയാ സന്ധിയുടെ പേര് പരാമർശിക്കുന്നില്ലെങ്കിലും അതൊരു മഹാവിജയമാണെന്ന് പ്രസ്താവിച്ചുകൊണ്ടാണ് സൂറ ആരംഭിക്കുന്നത്.**

മദീന-മക്കാ പാതയിൽ ആറു മൈൽ അകലെയുള്ള ദുൽഹുലൈഫ എന്ന മീഖാത്തിൽ (ആ ഭാഗത്തുനിന്ന് ഹജ്ജിനും ഉംറക്കും വരുന്നവർ 'ഇഹ്റാം' ചെയ്യുന്ന സ്ഥലം) എത്തിയപ്പോൾ അവരെല്ലാവരും ഉംറക്ക് ഇഹ്റാം ചെയ്തു. പ്രവാചകന്റെ ആഗമന വിവരമറിഞ്ഞ ഖുറൈശികൾ വലിയ പ്രതിസന്ധിയിലായി.

ഹജ്ജിനും ഉംറക്കും വരുന്ന തീർഥാടകരെ ഹറമിൽ പ്രവേശിക്കുന്നത് തടയാൻ പാടില്ലെന്നത് പരമ്പരാഗതമായി നിലനിൽക്കുന്ന അലംഘനീയമായ നിയമമാണ്. ഉംറക്കു വരുന്ന മുഹമ്മദിനെ(സ)യും കൂട്ടുകാരെയും തടയുന്നത് പാരമ്പര്യമതത്തിന് വിരുദ്ധമായ അക്രമവും അനീതിയുമായിട്ടാണ് മറ്ററബികൾ കാണുക. അവരെ മക്കയിൽ പ്രവേശിക്കാനനുവദിക്കുന്നത് തങ്ങൾ നേരത്തെയെടുത്ത തീരുമാനത്തിന് എതിരാകും. പ്രതിജ്ഞ പാഴ്വാക്കായി മാറുന്നത് വലിയ നാണക്കേടാകും. ശക്തിയും ശൗര്യവുമൊക്കെ ചോർന്ന് തങ്ങൾ അവശരായിരിക്കുന്നുവെന്ന അപഖ്യാതി പരക്കുകയും ചെയ്യും. ഖുറൈശികളുടെ സമ്മതം മാനിക്കാതെ മുഹമ്മദും (സ) കൂട്ടരും മക്കയിൽ പ്രവേശിക്കാനൊരുമ്പെടുകയാണെങ്കിൽ അവരെ സായുധമായി തടയേണ്ടിവരും. യുദ്ധ നിഷിദ്ധ മാസമായ ദുൽഖഅ്ദിൽ അത്തരമൊരു നടപടിക്കു മുതിരുന്നത് മറ്റൊരു മഹാ പാതകമാകും. പ്രശ്നത്തിന്റെ നാനാവശങ്ങളും പരിഗണിച്ച് കൂട്ടിക്കിഴിച്ചശേഷം ഒടുവിൽ അവർ തീരുമാനിച്ചു: നമ്മുടെ അഭിമാനവും പ്രതാപവും സംരക്ഷിക്കാൻ എന്തു വിലകൊടുത്തും മുഹമ്മദിന്റെ(സ) മക്കാ പ്രവേശനം തടഞ്ഞേ തീരൂ.

**ഹിജ്റ 6-ാം വർഷം ഒരു രാത്രി പ്രവാചകന് ഒരു സ്വപ്ന ദർശനമുണ്ടായി. താൻ മക്കയിൽ ചെന്ന് കഅ്ബ പ്രദക്ഷിണം ചെയ്യുന്നതായിട്ടായിരുന്നു സ്വപ്നം. പ്രവാചകന്മാരുടെ സ്വപ്നം ദിവ്യ ബോധനത്തിന്റെ പല രീതികളിലൊന്നാണ്.**

തന്റെ ആഗമനത്തെ ഖുറൈശികൾ എങ്ങനെ വീക്ഷിക്കുന്നുവെന്നറിയാൻ നബി (സ) ഒരു കഅ്ബ് ഗോത്രജനെ മുന്നോടിയായി മക്കയിലേക്ക് അയച്ചിരുന്നു. നബിയും സംഘവും ഉസ്ഫാനി(عُسْفَان)ൽ എത്തിയപ്പോൾ അദ്ദേഹം തിരിച്ചെത്തി അറിയിച്ചു: പ്രവാചകന്റെ മക്കാ പ്രവേശനം തടയാനാണ് ഖുറൈശികളുടെ തീരുമാനം. വലിയൊരു സംഘം സായുധരായ ഖുറൈശികൾ മക്കയിലേക്കുള്ള പ്രവേശനമാർഗങ്ങളിലൊന്നായ ദീ ത്വുവാ(ذي طوى)യിൽ തമ്പടിച്ചുകഴിഞ്ഞിരിക്കുന്നു. ഒട്ടകങ്ങളും കുതിരകളുമായി ഇരുനൂറ് വാഹനങ്ങളടങ്ങിയ ഒരു പടയെ ഖാലിദുബ്നുൽ വലീദിന്റെ നേതൃത്വത്തിൽ കുറാഉൽ ഗമീമിലേക്ക് അയച്ചിരിക്കുന്നു. ഇതുകേട്ട പ്രവാചകൻ സഞ്ചാരമാർഗം മാറ്റി ദുർഘടമായ ഊടുവഴിയിലൂടെ യാത്ര ചെയ്ത് ഹറമിനടുത്തുള്ള ഹുദൈബിയയിൽ എത്തിച്ചേർന്നു. ഇവിടെ തന്നെ സന്ദർശിച്ച ഖുസാഅഃ ഗോത്രത്തലവനെയും സംഘത്തെയും നബി അറിയിച്ചു: ഞങ്ങൾ ആരുമായും ഏറ്റുമുട്ടാൻ വന്നതല്ല. ഉംറ നിർവഹിക്കുക മാത്രമാണ് ഞങ്ങളുടെ ലക്ഷ്യം. ഖുസാഅ ഗോത്രത്തലവൻ ബുലൈദ് ബിൻ വർഖാഅ് ഇക്കാര്യം ഖുറൈശി നേതാക്കളെ അറിയിക്കുകയും മദീനാ സംഘത്തെ ഉംറ ചെയ്യാൻ അനുവദിക്കുകയാണ് കരണീയം എന്നഭിപ്രായപ്പെടുകയും ചെയ്തു. ഖുറൈശികൾ പക്ഷേ, മുസ് ലിംകളെ മക്കയിൽ പ്രവേശിക്കാനനുവദിക്കില്ലെന്ന ശാഠ്യത്തിൽ ഉറച്ചുനിന്നു. മക്കയിൽ കടക്കാതെ തിരിച്ചുപോകാൻ പ്രവാചകനെ സമ്മതിപ്പിക്കുന്നതിന് അവർ അഹാബീശ് ഗോത്രങ്ങളുടെ തലവനായ ഹുലൈസുബ്നു അൽഖമയെ അദ്ദേഹത്തിന്റെ അടുത്തേക്കയച്ചു. മുസ് ലിംകൾ ഹുലൈസിനെ അനുസരിച്ചില്ലെങ്കിൽ അഹാബീശ് ഗോത്രം ഒന്നടങ്കം തങ്ങളുടെ പക്ഷത്തു ചേരുമെന്നായിരുന്നു ഖുറൈശികളുടെ കണക്കുകൂട്ടൽ. ഹുലൈസ് ഹുദൈബിയയിലെത്തിയപ്പോൾ ഇഹ്റാം ചെയ്ത മുസ് ലിംകളെയും ബലിമൃഗത്തിന്റെ ചിഹ്നമായി വടമിട്ട ഒട്ടകങ്ങളെയുമാണ് കണ്ടത്. മുസ് ലിംകൾ ഉംറക്കുവേണ്ടി വന്നവർ തന്നെയാണെന്ന് അദ്ദേഹത്തിന് ബോധ്യമായി. അദ്ദേഹം തിരിച്ചുവന്ന് ഖുറൈശികളോട് പറഞ്ഞു: മദീനാ സംഘം പാവനമായ കഅ്ബയെ പ്രദക്ഷിണം ചെയ്യാനെത്തിയതാണ്. നിങ്ങൾ അവരെ തടയുകയാണെങ്കിൽ അഹാബീശ് ഗോത്രങ്ങൾ പിന്തുണക്കുകയില്ല. തുടർന്ന് ഖുറൈശികളുടെ പക്ഷത്തുനിന്ന് ഉർവതുബ്നു മസ്ഊദുസ്സഖഫി മുസ് ലിംകളുടെ അടുത്തു വന്നു. തന്റെ ശക്തിയും സ്വാധീനവും പറഞ്ഞ് പ്രവാചകനെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കാനായിരുന്നു അയാളുടെ ശ്രമം. പ്രവാചകൻ ശാന്തനായി, ബുലൈദിനോട് പറഞ്ഞ മറുപടി തന്നെ അയാളോടും പറഞ്ഞു. പ്രവാചക ശിഷ്യന്മാർ തങ്ങളുടെ നേതാവിനോട് കാണിക്കുന്ന സ്നേഹവും ആദരവും ശ്രദ്ധിച്ച ഉർവ, നേതാവിനുവേണ്ടി എന്തും ത്യജിക്കാൻ സന്നദ്ധരായ ഒരു സംഘമാണ് അദ്ദേഹത്തോടൊപ്പമുള്ളതെന്നു മനസ്സിലാക്കി. അയാൾ ഖുറൈശികളോടു പറഞ്ഞു: 'മുഹമ്മദിനുവേണ്ടി മരിക്കാൻ തയാറായി നിൽക്കുന്ന ഒരു സംഘത്തോടാ

ണ് നിങ്ങൾ യുദ്ധം ചെയ്യേണ്ടത്, നല്ലവണ്ണം ആലോചിച്ചു തീരുമാനിക്കുക.'

ഉഭയകക്ഷി സംഭാഷണം നടക്കുമ്പോൾ തന്നെ മറുവശത്ത് പ്രവാചക ശിഷ്യന്മാരെ പ്രകോപിപ്പിച്ച് സംഘട്ടനത്തിലേക്ക് നയിക്കാൻ ഖുറൈശികൾ ശ്രമിക്കുന്നുണ്ടായിരുന്നു. കുറെപ്പേർ രാത്രി കാലത്ത് ഹുദൈബിയയിലെത്തി മുസ് ലിം താവളത്തിലേക്ക് കല്ലേറു നടത്തി. ഒരു ദിവസം മുസ് ലിംകൾ സ്വുബ്ഹ് നമസ്കരിക്കുമ്പോൾ എൺപതോളം പേർ വന്ന് ഒരു മിന്നലാക്രമണം നടത്തി. പക്ഷേ, മുസ് ലിംകളുടെ അച്ചടക്കവും ആത്മനിയന്ത്രണവും പ്രവാചകന്റെ തന്ത്രജ്ഞതയും മൂലം അതൊന്നും വിജയിക്കുകയുണ്ടായില്ല. കല്ലേറുകാരെയും ആക്രമണകാരികളെയും പിടികൂടിയെങ്കിലും പ്രവാചകൻ അവരെയെല്ലാം വെറുതെ വിടുകയായിരുന്നു.

ഒടുവിൽ പ്രവാചകൻ (സ) ഉസ്മാനെ(റ) തന്റെ പ്രതിനിധിയായി ഖുറൈശികളിലേക്കയച്ചു. 'മുസ് ലിംകൾ യുദ്ധത്തിന് വന്നിരിക്കുകയല്ല. ഉംറക്കു വന്നിരിക്കുകയാണ്. സമാധാനപരമായി ഉംറ നിർവഹിച്ചു തിരിച്ചുപോകാൻ അനുവദിക്കണം'- ഇതായിരുന്നു ഉസ്മാൻ (റ) മുഖേന ഖുറൈശികൾക്കയച്ച സന്ദേശം. അതു തള്ളിക്കളഞ്ഞ ഖുറൈശികൾ ഉസ്മാനെ തടഞ്ഞുനിർത്തുകയും ചെയ്തു. ഉസ്മാൻ തിരിച്ചെത്താൻ വൈകിയപ്പോൾ അദ്ദേഹം വധിക്കപ്പെട്ടതായി വാർത്ത പരന്നു. മുസ് ലിംകളും അതു വിശ്വസിച്ചു. തങ്ങളുടെ ആദരണീയനായ നയതന്ത്ര പ്രതിനിധിയെ വധിക്കുക എന്ന അപമാനകരവും നികൃഷ്ടവുമായ നടപടി സ്വീകരിച്ചവരുമായി ഏറ്റുമുട്ടുകയല്ലാതെ ഗത്യന്തരമില്ല എന്ന നിലപാടിൽ അവരെത്തി. ഈ സാഹചര്യത്തിൽ നബി (സ) ശിഷ്യന്മാരെ വിളിച്ചുകൂട്ടി ഇപ്രകാരം പ്രതിജ്ഞയെടുപ്പിച്ചു: "ഞങ്ങൾ മരിച്ചുവീഴുന്നതുവരെ പിന്തിരിയാതെ പൊരുതുന്നതായിരിക്കും." തങ്ങൾ 1500 പേർ മാത്രമാണുള്ളത് എന്നതോ തങ്ങളുടെ കൈവശം യുദ്ധോപകരണങ്ങളില്ല എന്നതോ, സ്വന്തം വാസസ്ഥലത്തുനിന്ന് 250 നാഴിക അകലെയാണ് നിലകൊള്ളുന്നത് എന്നതോ തങ്ങളെ അപേക്ഷിച്ച് വമ്പിച്ച ആൾബലവും ആയുധസജ്ജീകരണങ്ങളും വിഭവ സമൃദ്ധിയുമുള്ളവരോട് അവരുടെ കേന്ദ്രത്തിൽ ചെന്നാണ് ഏറ്റുമുട്ടേണ്ടത് എന്നതോ ഒന്നും അവർ പരിഗണിച്ചില്ല. വിശ്വാസദാർഢ്യത്തിന്റെയും ആത്മാർഥമായ ആദർശ വീര്യത്തിന്റെയും ദൈവിക സരണിയിലുള്ള ആത്മാർപ്പണത്തിന്റെയും അത്യുദാത്തമായ ഉദാഹരണമായിരുന്നു അത്. ഈ പ്രതിജ്ഞ ചരിത്രത്തിൽ ബൈഅതുർറിദ്വാൻ എന്നും ബൈഅതുശ്ശജറഃ എന്നും അറിയപ്പെടുന്നു.

ഉസ്മാന്റെ വധവാർത്ത വ്യാജമായിരുന്നു എന്ന് പിന്നീട് വെളിപ്പെട്ടു. അദ്ദേഹം സുരക്ഷിതനായി തിരിച്ചെത്തി. ഉർവതുബ്നു മസ്ഊദിന്റെ മുന്നറിയിപ്പും, അനന്തരം മുസ് ലിംകളുടെ പ്രതിജ്ഞയറിഞ്ഞതും ഖുറൈശികളെ തെല്ലു മയപ്പെടുത്തി. അവർ സുഹൈലുബ്നു അംറിന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ പ്രവാചകനുമായി സന്ധി സംഭാഷണത്തിനയച്ചു. മുസ് ലിംകളെ ഒരിക്കലും ഹറമിൽ പ്രവേശിക്കാൻ അനുവദിക്കില്ല എന്ന ശാഠ്യത്തിൽനിന്ന് ഖുറൈശികൾ പിന്മാറി. അത് ഈ കൊല്ലം അനുവദിക്കില്ല എന്നാക്കി ചുരുക്കി. ഒരിക്കലും മക്കയിൽ പ്രവേശിക്കാനനുവദിക്കില്ല എന്ന് നേരത്തെ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ അത്രയെങ്കിലും ചെയ്യേണ്ടത് അവരുടെ മാനം രക്ഷിക്കാൻ അനിവാര്യമായിരുന്നു. അടുത്ത കൊല്ലം മുസ് ലിംകൾക്ക് ഉംറ തീർഥാടനം അനുവദിക്കാം. ദീർഘമായ സംഭാഷണത്തിനൊടുവിൽ ഒപ്പുവെച്ച സന്ധി വ്യവസ്ഥകൾ ഇവയായിരുന്നു:

1) ഈ വർഷം മുതൽ പത്തുവർഷത്തേക്ക് ഇരു കക്ഷികളും യുദ്ധം ചെയ്യുന്നതല്ല. ഒരു കക്ഷിയും മറുകക്ഷിക്കെതിരെ പരസ്യമായോ പരോക്ഷമായോ പ്രവർത്തിക്കുന്നതുമല്ല.

2) ഈ കാലയളവിൽ ഉറ്റവരുടെ സമ്മതമില്ലാതെ മക്കയിൽനിന്ന് പലായനം ചെയ്ത് മുഹമ്മദിന്റെ അടുത്തെത്തുന്നവരെ മക്കയിലേക്ക് തിരിച്ചയക്കേണ്ടതാകുന്നു. എന്നാൽ, മുഹമ്മദിന്റെ അനുയായികളിൽനിന്ന് മക്കയിലേക്ക് വരുന്നവരെ തിരിച്ചയക്കുന്നതല്ല.

3) ഇതര അറേബ്യൻ ഗോത്രങ്ങൾ ഈ കരാറിലെ കക്ഷികളിലൊന്നിന്റെ സഖ്യകക്ഷിയായി ചേരാൻ ആഗ്രഹിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യാവുന്നതാകുന്നു.

4) മുഹമ്മദ് (സ) ഈ വർഷം തിരിച്ചുപോകേണ്ടതാണ്. അദ്ദേഹത്തിന് അടുത്ത വർഷം ഉംറക്ക് വന്ന് മൂന്നു നാൾ മക്കയിൽ തങ്ങാവുന്നതാകുന്നു. അപ്പോൾ ഓരോ തീർഥാടകന്റെയും ഭാണ്ഡത്തിൽ ഓരോ വാൾ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. യുദ്ധോപകരണങ്ങ

**ഹജ്ജിനും ഉംറക്കും വരുന്ന തീർഥാടകരെ ഹറമിൽ പ്രവേശിക്കുന്നത് തടയാൻ പാടില്ലെന്നത് പരമ്പരാഗതമായി നിലനിൽക്കുന്ന അലംഘനീയമായ നിയമമാണ്.**

ളൊന്നും കൊണ്ടുവരാൻ പാടില്ല. അദ്ദേഹവും സംഘവും മക്കയിൽ തങ്ങുന്ന മൂന്നു നാൾ മക്കാവാസികൾ നഗരം അവർക്കുവേണ്ടി ഒഴിഞ്ഞു കൊടുക്കുന്നതാകുന്നു. (ഏതെങ്കിലും തരത്തിലുള്ള സംഘട്ടനത്തിന് ഇടയാകാതിരിക്കാൻ). എന്നാൽ, തിരികെ പോകുമ്പോൾ അദ്ദേഹം ഇവിടെനിന്ന് ആരെയും കൂടെ കൊണ്ടുപോകാൻ പാടില്ല.

കരാർപത്രത്തിന്റെ തുടക്കത്തിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം (പരമ ദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ) എന്നു ചേർക്കാൻ ഖുറൈശികൾ സമ്മതിച്ചില്ല. പരമ ദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിനെ അവർക്കു പരിചയമില്ല. നിഷ്ഠുരനും ദണ്ഡകനും ശിക്ഷകനുമായ ദൈവത്തെയാണവർക്കു പരിചയം. കരാറിൽ മക്കാവാസികളും ദൈവദൂതൻ മുഹമ്മദും (മുഹമ്മദുർറസൂലില്ലാഹ്) തമ്മിൽ എന്നെഴുതാനും സമ്മതിച്ചില്ല. മുഹമ്മദ് ദൈവദൂതനാണെന്ന് ഞങ്ങൾ സമ്മതിച്ചാൽ പിന്നെ നമ്മൾ തമ്മിലെന്തു തർക്കം എന്നായിരുന്നു ന്യായം. ഖുറൈശികളുടെ ഈ പിടിവാശികൾ നബി (സ) സമ്മതിച്ചുകൊടുത്തു. എന്തു വിട്ടുവീഴ്ച ചെയ്തും സമാധാന സന്ധി യാഥാർഥ്യമാക്കുന്നതിനാണ് തിരുമേനി മുൻഗണന നൽകിയത്.

ഈ സന്ധി ഒപ്പുവെച്ചപ്പോൾ മുസ് ലിം താവളം തികച്ചും അസ്വസ്ഥമായി. കരാർ തങ്ങളുടെ ദയനീയമായ പരാജയമായി അവർക്കു തോന്നി. പ്രത്യേകിച്ച്, കരാറിലെ രണ്ടും നാലും ഖണ്ഡികകൾ ഏറെ അപമാനകരമായും കരുതി. മുഹമ്മദ് (സ) ദൈവദൂതനും നമ്മൾ മുസ് ലിംകളും, പ്രതിയോഗികൾ വിഗ്രഹാരാധകരുമായിരിക്കെ നമ്മളെന്തിന് ഇങ്ങനെയൊരു നാണം കെട്ട സന്ധി സ്വീകരിക്കണമെന്ന് ക്രാന്തദൃഷ്ടിയായ ഉമർ (റ) പോലും ചോദിക്കുകയുണ്ടായി. കരാറിലെ 2-ാം ഖണ്ഡികയെ വിശ്വാസികൾ ഒരേ സ്വരത്തിൽ വിമർശിച്ചപ്പോൾ തിരുമേനി (സ) പറഞ്ഞു: "നമ്മിൽനിന്ന് അവരിലേക്ക് ഓടിപ്പോകുന്നവരെക്കൊണ്ട് നമുക്കെന്തു പ്രയോജനം? അത്തരക്കാരെ അല്ലാഹു നമ്മിൽനിന്ന് അകറ്റിക്കൊള്ളട്ടെ. അവരിൽനിന്ന് നമ്മുടെ അടുത്തേക്ക് വരുന്നവരെ തിരിച്ചയച്ചാലും അവരുടെ മോചനത്തിന് അല്ലാഹു മറ്റു മാർഗം കാണിച്ചുകൊടുക്കുക തന്നെ ചെയ്യും."

മക്കയിൽനിന്ന് മദീനയിലെത്തുന്നവരെ തിരിച്ചു നൽകേണമെന്ന ഉപാധി പിന്നീട് ഖുറൈശികൾക്കു തന്നെ വിനയാവുകയും ആ വ്യവസ്ഥ ദുർബലപ്പെടുത്താൻ അവർ നിർബന്ധിതരാവുകയും ചെയ്തു. പ്രവാചകൻ ഹുദൈബിയയിൽനിന്ന് മദീനയിലെത്തി അധികം താമസിയാതെ അബൂബസ്വീർ എന്ന ഒരു മുസ് ലിം ഖുറൈശികളുടെ കണ്ണുവെട്ടിച്ച് മദീനയിലേക്കു പലായനം ചെയ്തു. സന്ധി വ്യവസ്ഥയനുസരിച്ച് അദ്ദേഹത്തെ തങ്ങൾക്കു വിട്ടുകിട്ടണമെന്ന് ഖുറൈശികൾ ആവശ്യപ്പെട്ടു. നബി അയാളെ തിരിച്ചേൽപ്പിക്കുകയും ചെയ്തു. വഴിക്കുവെച്ച് അബൂബസ്വീർ ഖുറൈശികളുടെ പിടിയിൽനിന്ന് ചാടിപ്പോയി. അദ്ദേഹം ചെങ്കടൽ തീരത്ത് ചെന്ന് ഒരിടത്ത് താമസമാക്കി. പിന്നീട് മക്കയിൽനിന്ന് ഖുറൈശികളുടെ തടവു ചാടുന്ന വിശ്വാസികളെല്ലാം അബൂബസ്വീറിന്റെ അടുത്ത് ചെന്ന് താവളമടിച്ചു. ഈ താവളത്തിനടുത്തു കൂടി ഖുറൈശികളുടെ വ്യാപാരപാത കടന്നുപോയിരുന്നു. അബൂബസ്വീറിന്റെ സംഘം എഴുപതോളം പേരായി വളർന്നപ്പോൾ അവർ ഖുറൈശി വർത്തക സംഘങ്ങളെ ആക്രമിച്ചു കൊള്ളയടിക്കാൻ തുടങ്ങി. മക്കയിൽ തങ്ങൾ നിർബന്ധിതരായി ഉപേക്ഷിച്ച ധനം ഖുറൈശി കച്ചവടക്കാരിൽനിന്ന് പിടിച്ചെടുക്കാൻ തങ്ങൾക്ക് അവകാശമുണ്ടെന്നായിരുന്നു അവരുടെ ന്യായം. പൊറുതി മുട്ടിയ ഖുറൈശികൾ പ്രവാചകനെ സമീപിച്ച് അബൂബസ്വീറിനെയും സംഘത്തെയും മദീനയിലേക്കു വിളിച്ചു താമസിപ്പിക്കാൻ അഭ്യർഥിക്കുകയായിരുന്നു.

ആ വർഷം ഉംറ ചെയ്യാതെ തിരിച്ചുപോകുന്നതിലും വിശ്വാസികൾക്ക് നിരാശയും മാനഹാനിയും തോന്നി. തങ്ങൾ മക്കയിൽ ചെന്ന് കഅ്ബ ത്വവാഫ് ചെയ്യുന്നതായിട്ടാണല്ലോ തിരുമേനിക്ക് സ്വപ്നദർശനമുണ്ടായത്. മുസ് ലിംകൾ ഹറമിൽ പ്രവേശിക്കാതെ തിരിച്ചുപോകുന്നുവെങ്കിൽ അതൊരു പാഴ് സ്വപ്നമായിരുന്നുവോ? തിരുമേനി അവരോട് പറഞ്ഞു: "ഈ വർഷം തന്നെ ത്വവാഫ് ചെയ്യുമെന്ന് സ്വപ്നത്തിൽ പറഞ്ഞിട്ടില്ല. സന്ധിവ്യവസ്ഥ പ്രകാരം ഈ വർഷമല്ല അടുത്ത വർഷം- ഇൻശാ അല്ലാഹ്- ത്വവാഫ് നടക്കുന്നതാണ്."

സന്ധി സംഭാഷണത്തിന് നേതൃത്വം നൽകിയ സുഹൈലുബ്നു അംറിന്റെ പുത്രൻ അബൂജന്ദൽ മുസ്‌ലിമായിരുന്നു. ഖുറൈശികൾ അദ്ദേഹത്തെ മദീനയിലേക്ക് പലായനം

**ഫത്ഹു മക്ക പോലെ ഫത്ഹുൽ ഇറാഖും ഫത്ഹുശ്ശാമുമൊക്കെ ആ നാടുകളിൽ മുസ് ലിംകൾക്കുണ്ടായ വിജയത്തെയും, വിഗ്രഹാരാധനയിൽ നിന്നുള്ള വിമോചനത്തെയും സൂചിപ്പിക്കുന്ന പ്രയോഗങ്ങളാകുന്നു.**

ചെയ്യാനനുവദിക്കാതെ ബന്ധനസ്ഥനാക്കിയിരിക്കുകയായിരുന്നു. കരാർപത്രം എഴുതിക്കൊണ്ടിരിക്കുമ്പോൾ അബൂജന്ദൽ എങ്ങനെയോ രക്ഷപ്പെട്ട് കാലിൽ ചങ്ങലയുമായി പ്രവാചക സന്നിധിയിലെത്തി, തന്നെ സ്വതന്ത്രനാക്കണമെന്നപേക്ഷിച്ചു. കരാർ എഴുതിത്തീർന്നിട്ടില്ലെങ്കിലും വ്യവസ്ഥകൾ ഇരു കക്ഷികളും തീരുമാനിച്ചുകഴിഞ്ഞതിനാൽ അബൂജന്ദലിനെ വ്യവസ്ഥ പ്രകാരം തങ്ങൾക്കു വിട്ടുതരണമെന്നായി ഖുറൈശി പക്ഷം. കടുത്ത മനോവേദനയോടെയാണെങ്കിലും തിരുമേനി ആ ആവശ്യം അംഗീകരിച്ചു. മുസ് ലിം പക്ഷത്തിന്റെ മനോവ്യഥയും അപമാനബോധവും ഇത് ഇരട്ടിപ്പിച്ചു.

കരാർ ഒപ്പുവെച്ചു കഴിഞ്ഞപ്പോൾ തിരുമേനി വിളംബരം ചെയ്തു: എല്ലാവരും ഈ സ്ഥലത്തു തന്നെ ബലി നടത്തി ശിരോമുണ്ഡനം ചെയ്ത് ഇഹ്റാമിൽനിന്ന് വിരമിച്ചുകൊള്ളുക. വിളംബരം മൂന്നുവട്ടം ആവർത്തിച്ചിട്ടും ആരും സ്വസ്ഥാനങ്ങളിൽനിന്ന് അനങ്ങിയില്ല. അത്രക്കധികമായിരുന്നു അവരുടെ നിരാശയും ദുഃഖവും. ഇങ്ങനെയൊരനുഭവം നബി(സ)ക്ക് ആദ്യമായിരുന്നു. അതുകൊണ്ടുതന്നെ വലിയ ആഘാതവും. അദ്ദേഹം സ്വന്തം തമ്പിൽ ചെന്ന് പത്നി ഉമ്മുസലമയുടെ മുന്നിൽ മനസ്സുതുറന്നു. അവർ ബോധിപ്പിച്ചു: 'അങ്ങ് സ്വന്തം ഒട്ടകത്തെ ബലിയർപ്പിക്കുക; തല വടിക്കുകയും ചെയ്യുക. ജനം അങ്ങയെ അനുകരിച്ചുകൊള്ളും.' തിരുമേനി അതുതന്നെ ചെയ്തു. ജനം അദ്ദേഹത്തെ അനുകരിച്ചു. എങ്കിലും അവരുടെ മനസ്സ് വല്ലാതെ നീറിക്കൊണ്ടിരുന്നു. അതുകഴിഞ്ഞ് മദീനയിലേക്കുള്ള മടക്കയാത്രയിൽ ദജ്നാൻ അല്ലെങ്കിൽ കുറാഉൽ ഗമീം എന്ന സ്ഥലത്തെത്തിയപ്പോഴാണ് ഈ സൂറ അവതരിച്ചത്.

അടഞ്ഞു കിടക്കുന്നത് തുറക്കലാണ് മൗലികമായി **فتح**. വിജയം, വിമോചനം, വിധിനിർണയം തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. **فتح الباب** വാതിൽ തുറക്കൽ. **يوم الفتح** വിധിനിർണയദിനം. **فتح مكّة** മക്കാ വിമോചനം, വിജയം. ഈ സന്ദർഭത്തിൽ **فتح**-ന്റെ എല്ലാ അർഥവും പ്രസക്തമാകുന്നു. സ്പഷ്ടമായ തുറക്കൽ തുറന്നുതന്നിരിക്കുകയാണ് എന്നാണ് പദാനുപദ അർഥം. ഹുദൈബിയാ സന്ധിയിലൂടെ പ്രവാചകന് മക്കയിൽ പ്രവേശിക്കാനുള്ള വാതിൽ തുറന്നുതന്നിരിക്കുകയാകുന്നു. ഇക്കൊല്ലം നടന്നില്ലെങ്കിലും ഭാവിയിൽ തീർച്ചയായും അതു നടക്കും. ഇതാണ് ഒരു താൽപര്യം. പ്രവാചകന്റെ മദീനാ പ്രവാസം ആരംഭിച്ചതു മുതൽ മദീന വ്യവസ്ഥാപിതമായ ഒരു രാഷ്ട്രമായിരുന്നു. പക്ഷേ, അറബികൾ പൊതുവിൽ അതംഗീകരിച്ചിരുന്നില്ല. മറ്റ് അറബികളിൽനിന്ന് വേറിട്ടുനിൽക്കുന്ന ഒരു ബഹിഷ്കൃത സമൂഹമായിട്ടാണത് വീക്ഷിക്കപ്പെട്ടിരുന്നത്. മദീനക്ക് മറ്റു രാജ്യങ്ങളും ഗോത്രങ്ങളുമായി നയതന്ത്രബന്ധങ്ങളോ സഹകരണക്കരാറുകളോ ഉണ്ടായിരുന്നില്ല. ഇതര നാടുകളിൽ കടന്നുചെന്ന് ഇസ് ലാമിക പ്രബോധനം നടത്താൻ ഇതൊരു വലിയ തടസ്സമായിരുന്നു. ഏറ്റം പ്രതാപികളായ ഖുറൈശികളുമായി സന്ധി ഒപ്പുവെച്ചതോടെ മദീന ഒരു സ്വതന്ത്ര സമൂഹം -സ്റ്റേറ്റ് ആയി അംഗീകരിക്കപ്പെട്ടു. ഇതര ഗോത്രങ്ങൾക്കും അവരുമായി നയതന്ത്ര ബന്ധങ്ങളും ഔദ്യോഗികമായ കരാറുകളും ആകാമെന്നായി. ഖുറൈശികളിൽനിന്നും അവരുടെ സഖ്യകക്ഷികളിൽനിന്നുമുള്ള ആക്രമണ ഭീഷണിയിൽനിന്ന് മദീന സുരക്ഷിതമായി. അങ്ങനെ, പ്രവാചകന്റെയും ഇസ് ലാമിക പ്രബോധകരുടെയും മുന്നിൽ അടഞ്ഞുകിടക്കുകയായിരുന്ന ഇതര ഗോത്രങ്ങളുടെ കവാടങ്ങൾ തുറക്കപ്പെട്ടു. അത് അറേബ്യയിലെങ്ങും ഇസ് ലാമിന്റെ വളർച്ച ശക്തിപ്പെടുത്തുകയും ചെയ്തു. ഇതാണ് മറ്റൊരു താൽപര്യം. ഫത്ഹു മക്ക പോലെ ഫത്ഹുൽ ഇറാഖും ഫത്ഹുശ്ശാമുമൊക്കെ ആ നാടുകളിൽ മുസ് ലിംകൾക്കുണ്ടായ വിജയത്തെയും, വിഗ്രഹാരാധനയിൽനിന്നുള്ള വിമോചനത്തെയും സൂചിപ്പിക്കുന്ന പ്രയോഗങ്ങളാകുന്നു. തെളിഞ്ഞ വിജയം **فَتْحًا مُّبِينًا** രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നതായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. 1) അതിനെ അന്തസ്സാർന്ന വിജയങ്ങളുടെ -**النصر العزيز**- മുന്നോടിയാക്കി. 2) 18-ാം സൂക്തം സൂചിപ്പിക്കുന്നതുപോലെ **وَ أَثَابَهُمْ فَتْحًا قَرِيبًا**- ഉടനെത്തന്നെ ഒരു വിജയം- അവർക്കു പ്രദാനം ചെയ്യുക. **لِّيَغْفِرَ لَكَ** നിനക്കു പൊറുത്തുതരാൻ എന്നതിന്റെ ആശയം പ്രവാചകന് പൊറുത്തുകൊടുക്കുന്നതിനു വേണ്ടിയാണീ വിജയം ഉണ്ടാക്കിയത് എന്നല്ല; പ്രത്യുത ഈ മഹാ വിജയം അഥവാ ഹുദൈബിയാ സന്ധി സാധ്യമാക്കുന്നതിൽ പ്രവാചകൻ (സ) കാണിച്ച ക്ഷമയും സംയമനവും സമാധാന വാഞ്ഛയും തന്ത്രജ്ഞതയും, അദ്ദേഹത്തിന് നേരത്തെ സംഭവിച്ചു പോയി

**ഹുദൈബിയാ സന്ധി സാധ്യമാക്കുന്നതിൽ പ്രവാചകൻ (സ) കാണിച്ച ക്ഷമയും സംയമനവും സമാധാന വാഞ്ഛയും തന്ത്രജ്ഞതയും, അദ്ദേഹത്തിന് നേരത്തെ സംഭവിച്ചുപോയിട്ടുള്ളതും ഭാവിയിൽ സംഭവിക്കാവുന്നതുമായ വീഴ്ചകളെ മായ്ചുകളയാൻ നിമിത്തമായിരിക്കുന്നു.**

ട്ടുള്ളതും ഭാവിയിൽ സംഭവിക്കാവുന്നതുമായ വീഴ്ചകളെ മായ്ചുകളയാൻ നിമിത്തമായിരിക്കുന്നു എന്നാണ്. പ്രവാചകന് വീഴ്ച സംഭവിക്കുന്നതിനെക്കുറിച്ച് സൂറ *ഗാഫിർ* 55-ാം സൂക്തത്തിലെ **وَاسْتَغْفِرْ لِذَنبِكَ** -നിന്റെ ദോഷത്തിന് മാപ്പ് തേടുക' എന്ന കൽപനയുടെ വിശദീകരണത്തിൽ ഖുർആൻ ബോധനം ചർച്ച ചെയ്തിരിക്കുന്നു. ഈ സൂക്തം വിശദീകരിച്ചുകൊണ്ട് ഇബ്നു അത്വിയ്യ പ്രസ്താവിച്ചു: പ്രവാചകൻ പാപമൊന്നും ചെയ്തിട്ടില്ലെങ്കിലും അദ്ദേഹത്തെ പരിശുദ്ധനെന്ന് മഹത്വപ്പെടുത്തുകയാണീ വിധിയിലൂടെ. മറ്റൊരു വ്യാഖ്യാനം ഇങ്ങനെ: സാധാരണ സജ്ജനങ്ങൾ അവഗണിക്കുന്ന പിശകുകളും പ്രവാചകനെ സംബന്ധിച്ചേടത്തോളം പോരായ്മയാണ്. **حسنات الابرار سيئات المقربين** - ധർമം പാലിക്കുന്നവരുടെ നന്മകൾ അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച പുണ്യാത്മാക്കളെ സംബന്ധിച്ചേടത്തോളം ദോഷങ്ങളാവാം. പ്രവാചകന്റെ അത്തരം ദോഷങ്ങളും അല്ലാഹു മായ്ചു കളയുമെന്ന് പറയുകയാണ് **لِّيَغْفِرَ لَكَ اللَّهُ مَا تَقَدَّمَ مِن ذَنبِكَ وَمَا تَأَخَّرَ** എന്ന വാക്യത്തിലൂടെ. **وَيُتِمَّ نِعْمَتَهُ عَلَيْكَ** എന്ന വാക്യത്തിന് രണ്ട് ആശയമാനങ്ങളുണ്ട്. അറബികൾ മുഴുവൻ പ്രവാചകനിൽ വിശ്വസിച്ച് മുസ്ലിംകളാവുകയാണ് ഒരനുഗ്രഹ പൂർത്തീകരണം. മക്കാ വിമോചനവും ഖുറൈശികളുടെ മാനസാന്തരവും അതിന്റെ ഭാഗമാണ്. ദീനുൽ ഇസ് ലാം സമ്പൂർണ ജീവിത വ്യവസ്ഥയായി സംവിധാനിച്ചു കൊടുക്കുകയാണ് അനുഗ്രഹ വർഷത്തിന്റെ രണ്ടാമത്തെ മാനം. **الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي** (ഇന്നു ഞാൻ നിങ്ങളുടെ ദീൻ സമഗ്രമാക്കിക്കൊണ്ട് നിങ്ങളിൽ എന്റെ അനുഗ്രഹം സമ്പൂർണമാക്കിത്തന്നിരിക്കുന്നു) എന്ന് 5:3-ൽ ഈ വാഗ്ദാനത്തിന്റെ സാഫല്യം പ്രഖ്യാപിക്കുന്നുണ്ട്. അത്തരമൊരു വിശിഷ്ട നിയമവ്യവസ്ഥ സമ്മാനിച്ചുകൊണ്ട് പ്രവാചകനെ ഏറ്റം ഋജുവായ ജീവിത പാതയിലേക്ക് നയിക്കുന്നുവെന്നാണ് **وَيَهْدِيَكَ صِرَاطًا مُّسْتَقِيمًا** ന്റെ താൽപര്യം. **وَيَنصُرَكَ اللَّهُ** എന്ന വാക്യം ഹുദൈബിയാ സന്ധിയെ തുടർന്ന് ഉണ്ടാകാൻ പോകുന്ന ദൈവസഹായത്തെയും മഹാ വിജയങ്ങളെയും സൂചിപ്പിക്കുന്നു.

**ഹുദൈബിയാ സന്ധി വിശ്വാസികൾ ഇപ്പോൾ വിചാരിക്കുന്നതുപോലെ നാണം കെട്ട പരാജയമല്ല; മറിച്ച് അല്ലാഹു പ്രവാചകന്നരുളിയ മഹാ വിജയമാണത്.**

വചനസാരം: ഹുദൈബിയാ സന്ധി വിശ്വാസികൾ ഇപ്പോൾ വിചാരിക്കുന്നതുപോലെ നാണം കെട്ട പരാജയമല്ല; മറിച്ച് അല്ലാഹു പ്രവാചകന്നരുളിയ മഹാ വിജയമാണത്. പ്രവാചകന് സംഭവിച്ചു പോയതും ഇനി സംഭവിക്കാവുന്നതുമായ പിശകുകളെല്ലാം അല്ലാഹു മായ്ചുകളയാനും, ദീനുൽ ഇസ് ലാമിനെ സമഗ്ര നിയമവ്യവസ്ഥയായി സംവിധാനിച്ചു തന്നുകൊണ്ട് ഏറ്റം ഋജുവായ ജീവിത പാതയിലേക്ക് നയിക്കാനും, അദ്ദേഹത്തിന് അന്തസ്സുറ്റ വിജയ പരമ്പരകൾ സമ്മാനിക്കാനും അതു നിമത്തമാകുന്നു.

ഈ സൂക്തം അവതരിച്ചപ്പോഴും ഉടനെ അതുൾക്കൊള്ളാൻ പല സ്വഹാബികൾക്കും കഴിഞ്ഞില്ല; സൂക്തം കേട്ട മാത്രയിൽ ഉമർ (റ) ഇങ്ങനെ ചോദിച്ചതായി ഉദ്ധരിക്കപ്പെടുന്നു: 'ദൈവദൂതരേ, ഇതൊരു വിജയം തന്നെയോ?' തിരുമേനി പ്രതിവചിച്ചു: 'അതെ, എന്റെ ആത്മാവ് ആരുടെ ഹസ്തത്തിലാണോ അവനാണ്!' മറ്റൊരു സ്വഹാബി പ്രവാചകനോടു പറഞ്ഞു: 'അല്ലാഹുവാണ, നമുക്ക് കഅ്ബ വിലക്കപ്പെടുകയും നമ്മുടെ ബലി മടക്കപ്പെടുകയും ചെയ്തിരിക്കെ ഇതൊരിക്കലും വിജയമല്ല.' നബി (സ) അയാളോട് പറഞ്ഞു: 'വളരെ മോശപ്പെട്ട വർത്തമാനമാണ് നിങ്ങൾ പറഞ്ഞത്. ഒരു മഹാ വിജയം തന്നെയാണിത്. വിഗ്രഹാരാധകർ നിങ്ങളെ അവരുടെ നാട്ടിൽനിന്നു തടഞ്ഞ് സമാധാനത്തോടെ തിരിച്ചു പോകാന നുവദിച്ചു. പ്രശ്നം നമ്മളുമായി ചർച്ച ചെയ്തു. അവർക്ക് നമ്മളോടുള്ള വിരോധങ്ങളൊക്കെ ഉണ്ടായിരിക്കെത്തന്നെ നമ്മുടെ സമാധാനത്തിൽ തൽപരരാകുന്നു. അല്ലാഹു അവർക്കു മേൽ നിങ്ങളെ വിജയിപ്പിച്ചു. സുരക്ഷിതരും പ്രതിഫലാർഹരായ ഭടന്മാരുമായി തിരിച്ചയച്ചു. ഇതു മഹാ വിജയം തന്നെ. ഞാൻ പിന്നിൽനിന്നു വിളിച്ചുകൊണ്ടിരിക്കെ നിങ്ങൾ ഉഹുദിൽനിന്ന് തിരിഞ്ഞു നോക്കാതെ വിരണ്ടോടിയത് മറന്നുപോയോ? നാനാ ദിക്കിൽനിന്നും സഖ്യ സൈന്യങ്ങൾ കുതിച്ചുവരുന്നതുകണ്ട് ഭീതിയാൽ നിങ്ങളുടെ ഹൃദയങ്ങൾ തൊണ്ടയിലേക്കുയർന്നതും, നിങ്ങളിൽ അല്ലാഹുവിനെക്കുറിച്ചു തെറ്റായ പല വിചാരങ്ങളുണർന്നതും മറന്നുപോയോ?' ഇതുകേട്ട മുസ്ലിംകളെല്ലാവരും വിളിച്ചു പറഞ്ഞു: ദൈവദൂതൻ പറഞ്ഞത് തികഞ്ഞ സത്യമാകുന്നു. അല്ലാഹുവാണ, തിരുദൂതരേ, ഇതു മഹാ വിജയം തന്നെയാകുന്നു. അങ്ങ് പറഞ്ഞ കാര്യങ്ങളൊന്നും ഞങ്ങൾ ആലോചിച്ചിരുന്നില്ല. അല്ലാഹുവിനെക്കുറിച്ച് ഞങ്ങളെക്കാൾ അറിയുന്നത് അങ്ങ് തന്നെയാണ്.' ●